**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1575** **10-10-2024 - ൽ മറുപടിയ്ക്ക്**

**പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കോന്നി മണ്ഡലത്തിലെ കോന്നി ആനത്താവളത്തിൽ പുരാവസ്തു വകുപ്പ് അനുവദിച്ച പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ? | (എ) | വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കോന്നി ആനത്താവളത്തിൽ പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും വനം വകുപ്പ് പുരാവസ്തുവകുപ്പിന് കൈമാറിയ കെട്ടിടങ്ങളിൽ ഒരെണ്ണം മ്യൂസിയം സജ്ജീകരണത്തിന് യോഗ്യമല്ലാത്തതിനാൽ പ്രസ്തുത കെട്ടിടം വനം വകുപ്പിന് തിരികെ നൽകുന്നതിനും പകരം മറ്റൊരു കെട്ടിടം വനം വകുപ്പ് വിട്ടു നൽകുന്നതിനും തീരുമാനിച്ചിരുന്നു.<br><br>വനംവകുപ്പിന്റെ കൈവശമുള്ള വിട്ടു നൽകുന്ന ചെറുകിട വനവിഭവ സംസ്കരണ യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടം പുനരുദ്ധാരണം നടത്തിയത് നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് ഫണ്ട് കൂടി വിനിയോഗിച്ചാകയാൽ കെട്ടിടം വിട്ടുനൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ കൂടി അനുമതി ആവശ്യമാണെന്ന് കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് കെട്ടിടം വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സാംസ്കാരികകാര്യ, വനം, പുരാവസ്തുവകുപ്പുകളുടെയും, മ്യൂസിയം സജ്ജീകരണ നോഡൽ ഏജൻസിയായിരുന്ന കേരളം മ്യൂസിയത്തിന്റെയും പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു സംയുക്ത പരിശോധന നടത്തിയിരുന്നു. ബഹു : വനം വകുപ്പ് മന്ത്രി ,സ്ഥലം MLA എന്നിവരുടെ സൗകര്യം കൂടി പരിഗണിച്ച് ബന്ധപ്പെട്ടവരുടെ ഒരു യോഗം ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ